# ശ്രീമദ് വാൽമീകി രാമായണം ഉത്തരകാണ്ഡം

## *(പരിഭാഷ: ഡോ. എം. ലീലാവതി)*

**ഒൻപതാം സർഗ്ഗം**

1. കുറച്ചുകാലം കഴിഞ്ഞപ്പോൾ സുമാലി എന്ന രാക്ഷസൻ പാതാളത്തിൽനിന്ന് മർത്ത്യലോകത്തിലെത്തി എങ്ങും സഞ്ചരിച്ചുതുടങ്ങി.

2-3. നീലമേഘംപോലുള്ളവൻ, തങ്കകുണ്ഡലമണിഞ്ഞവൻ, കന്യകയായ പുത്രിയെ, താമരപ്പൂ വെടിഞ്ഞ ലക്ഷ്മിയെന്നു തോന്നുംവണ്ണം സുന്ദരിയായ മകളെയും കൂട്ടി മഹീതലത്തിൽ സഞ്ചരിക്കവേ പുഷ്പകത്തിൽപോകുന്ന ധനേശ്വരനെ (വൈശ്രവണനെ) കാണാനിടയായി.

4-5. അദ്ദേഹം തന്റെ പിതാവായ പുലസ്ത്യതനയനെ കാണാൻ പോവുകയായിരുന്നു. ദേവന്മാരെപ്പോലെയുള്ളവനും അഗ്നിതേജസ്സുള്ളവനുമായ അദ്ദേഹം പോകുന്നതു കണ്ടിട്ട്, ഭൂമിയിൽനിന്ന് പാതാളത്തിൽപോയി വസിക്കേണ്ടിവന്ന മഹാബുദ്ധിമാനായ രാക്ഷസേശ്വരൻ ഇങ്ങനെ വിചാരിച്ചു:

6. നമ്മൾക്ക് ഉന്നതി വർദ്ധിക്കാനായി എന്തുചെയ്യേണ്ടു? ഇങ്ങനെ ആലോചിച്ച് ആ രാക്ഷസൻ മകളായ കൈകസിയോടു പറഞ്ഞു:

7. "പുത്രി! നിന്നെ വിവാഹം ചെയ്തുകൊടുക്കേണ്ട പ്രായമായിരിക്കുന്നു. നിന്റെ യൗവനം കടന്നുപോകുകയാണ്. ആരും നിന്നെ ചോദിച്ചുവരുന്നില്ല - തിരസ്കരിക്കുമെന്നു പേടിച്ച്.

8. ഞങ്ങളെല്ലാവരും നിനക്കുവേണ്ടി ഉചിതമായി ധർമ്മമനുഷ്ഠിക്കാൻ യത്നിച്ചുകൊണ്ടിരിക്കയാണ്. നീയാണെങ്കിൽ സാക്ഷാൽ ലക്ഷ്മീദേവിയെപ്പോലെ സർവ്വഗുണസമ്പന്നയാണ്.

9. മകളേ! കന്യാപിതൃത്വം ദുഃഖമാണ്. മാനം കൊതിക്കുന്ന എല്ലാവർക്കും കന്യകയെ ആരു വരിക്കുമെന്നറിയാത്തതിനാൽ.

10. മാതൃകുലം, പിതൃകുലം, വരിക്കുന്നവന്റെ കുലം - മൂന്നുകുലങ്ങളും കന്യകയുടെ വിഷയത്തിൽ വിചാരപ്പെട്ടുകൊണ്ടേയിരിക്കുന്നു.

11. മകളേ! അങ്ങനെയുള്ള നീ പ്രജാപതി (ബ്രഹ്മാവ്) കുലോത്ഭവനായ പുലസ്ത്യപുത്രനായ വിശ്രവസ്സ് മഹർഷിയെ ഭജിച്ച് വരിച്ചാലും.

12. തേജസ്സുകൊണ്ട് ഭാസ്കരനെപ്പോലെ വിരാജിക്കുന്ന ധനേശ്വരനെ(കുബേരനെ)പ്പോലെയുള്ള പുത്രന്മാർ നിനക്കുണ്ടാവും".

13. അദ്ദേഹത്തിന്റെ വാക്കുകൾകേട്ട് അവൾ പിതൃഭക്തിയാൽ പ്രേരിതയായി വിശ്രവസ്സ് മഹർഷി തപസ്സുചെയ്യുന്ന ആശ്രമത്തിലേക്കു ചെന്നു നിന്നു.

14. പുലസ്ത്യതനയനായ ദ്വിജൻ ആ സമയത്ത് നാലാമതായ അഗ്നിപോലെ വർത്തിക്കുന്നവനായി അഗ്നിഹോത്രം ചെയ്യുകയായിരുന്നു.

15. ആ സമയം ദാരുണമായ(നല്ല മുഹൂർത്തമല്ലാത്ത)താണെന്നതൊന്നും അവൾ പരിഗണിച്ചില്ല. അച്ഛനോടുള്ള ഭക്തിയാൽ അനുസരണയോടെ മഹർഷിയുടെ മുന്നിൽച്ചെന്ന് അധോമുഖിയായി നിന്നു.

16-17. കാൽപ്പെരുവിരൽകൊണ്ട് നിലത്തുവരച്ചുംകൊണ്ട് ആ ഭാമിനി നിന്നു. സുശ്രോണിയും പൂർണചന്ദ്രതുല്യയുമായ മുഖമുള്ളവളുമായ അവളെക്കണ്ടിട്ട് പരമോദാരനായ മഹർഷി സ്വതേജസ്സുകൊണ്ട് തിളങ്ങുന്നവളായ അവളോടു ചോദിച്ചു: "ഭദ്രേ! ഭവതി ആരുടെ മകളാണ്? എവിടെനിന്നാണ് ഇവിടെ എത്തിച്ചേർന്നത്?

18-19. എന്തു കാര്യത്തിനാണ് വന്നിരിക്കുന്നത്? വസ്തുത ഉള്ളവണ്ണം പറഞ്ഞാലും!'' ഇങ്ങനെ ചോദിച്ചതു കേട്ടപ്പോൾ ആ കന്യക കൈകൂപ്പിക്കൊണ്ടു പറഞ്ഞു: ''മഹർഷേ! ആത്മപ്രഭാവംകൊണ്ട് അങ്ങയ്ക്ക് എന്റെ ഇംഗിതം അറിയാവുന്നതാണല്ലോ.

20. എങ്കിലും ബ്രഹ്മർഷേ! പിതാവിന്റെ ശാസനത്തിനു വിധേയയായി ഞാൻ ഇവിടെ എത്തിയതാണെന്നറിഞ്ഞാലും. എന്റെ പേര് കൈകസി എന്നാണ്. ശേഷമെല്ലാം അങ്ങയ്ക്കറിയാമല്ലോ''.

21. അപ്പോൾ ധ്യാനം പൂണ്ടതിനുശേഷം മഹർഷി പറഞ്ഞു: ''ഭദ്രേ! എനിക്കു മനസ്സിലായി ഭവതിയുടെ മനോഗതമെന്താണെന്ന്.

22. മത്തമാതംഗഗാമിനീ! നിനക്ക് എന്നിൽനിന്ന് (മത്തഃ) പുത്രനുണ്ടാകണമെന്നാണ് ആഗ്രഹം. എന്നാൽ ദാരുണമായ (ഉഗ്രഘോരം) സമയത്താണ് ഭവതി വന്നുചേർന്നിരിക്കുന്നത്.

23-24. അതിനാൽ ഏതു മട്ടിലുള്ള സുതന്മാരാണ് ഉണ്ടാകാൻ പോകുന്നതെന്നറിഞ്ഞാലും. (ഘോരന്മാരായ) ദാരുണകാരന്മാരായ (ഭീകരരൂപികളായ) ദാരുണാഭിജനപ്രിയരായ (ഘോരന്മാരായ ബന്ധുജനങ്ങളിൽ പ്രിയമുള്ളവരായ) ക്രൂരകർമ്മാക്കളായ രാക്ഷസന്മാരെ ഭവതി പ്രസവിക്കും.'' അവൾ അദ്ദേഹത്തിന്റെ വാക്കുകൾകേട്ട് നമസ്കരിച്ച് ഇപ്രകാരം പറഞ്ഞു:

25. ''ഭഗവാനേ! ബ്രഹ്മവാദിയായ (ബ്രഹ്മജ്ഞനായ, വൈദികശ്രേഷ്ഠനായ) അങ്ങയിൽനിന്ന് ദുരാചാരന്മാരായ, ദുർവൃത്തന്മാരായ പുത്രന്മാരെ ഞാൻ ഗ്രഹിക്കുന്നില്ല. എന്നിൽ പ്രസാദിച്ചാലും.''

26. കന്യക ഇപ്രകാരം പറഞ്ഞപ്പോൾ മുനിപുംഗവനായ വിശ്രവസ്സ് കൈകസിയോട് പൂർണചന്ദ്രൻ രോഹിണിയോടെന്നപോലെ വീണ്ടും പറഞ്ഞു.

27. ''നിനക്ക് ഒടുവിലുണ്ടാകുന്ന പുത്രൻ ശുഭാനനേ! എന്റെ വംശത്തിനനുരൂപനായി, ധർമാത്മാവായിത്തീരും. സംശയമില്ല.''

28. ഇങ്ങനെ പറഞ്ഞ് അനുസരിച്ച്, രാമാ! ആ കന്യക യഥാകാലം ബീഭത്സരൂപനും ഘോരദർശനനുമായ രാക്ഷസരൂപമുള്ള ഒരുവനു ജന്മം നൽകി.

29. അവൻ ദശഗ്രീവനും (പത്തു തലയുള്ള) മഹാദംഷ്ട്രനും ചോരച്ചുണ്ടുകളുള്ളവനും നീലാഞ്ജനക്കൂട്ടത്തിന്റെ ശോഭയുള്ളവനും ഇരുപതു കൈയുള്ളവനും വലിയ മുഖമുള്ളവനും ചെന്തീപോലെ തിളങ്ങുന്ന ചുമന്ന മുടിയുള്ളവനായിരുന്നു.

30. അവൻ ജനിച്ച നേരത്ത് വായിൽനിന്നു തീ വമിക്കുന്ന കുറുനരികളും ക്രവ്യാദങ്ങളും (പച്ചമാംസംതീനികൾ) ഇടംചുറ്റി (അപ്രദിക്ഷണമായി) നടന്നു.

31. ദേവന്മാർ (പർജ്ജന്യൻ) രുധിരം വർഷിച്ചു. മേഘങ്ങൾ ഘോരമായി ഇടിവെട്ടി. സൂര്യൻ മങ്ങിപ്പോയി. ഭൂമിയിൽ കൊള്ളിമീനുകൾ നിപതിച്ചു.

32-33. ഭൂമി കുലുങ്ങി. കൊടുങ്കാറ്റു വീശി. സരിത്പതിയായ അക്ഷോഭ്യനായ സമുദ്രം ക്ഷുബ്ധമായി. ബ്രഹ്മതുല്യനായ പിതാവ്, പത്തു തലകളോടു കൂടി പിറന്നിരിക്കുന്ന ഇവൻ ദശഗ്രീവനായി അറിയപ്പെടും എന്നു പറഞ്ഞ് അങ്ങനെ പേരു വിളിച്ചു.